**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **04-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്ന കാര്യത്തിലും വിവിധ ഗ്രാന്റുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിലും അനന്തമായ കാലതാമസവും ക്രമവിരുദ്ധതയും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നിയമനാംഗീകാരം നൽകുന്ന കാര്യത്തിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇത്തരം ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിവിധ ഗ്രാന്റുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ **അനന്തമായ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.**<br><br>**ഹയർ സെക്കന്ററി വിഭാഗത്തിൽ അധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതിൽ കാല താമസം വരുത്തുന്നതായോ , ക്രമവിരുദ്ധത ഉള്ളതായോ നിലവിൽ പരാതികൾ ലഭിച്ചിട്ടില്ല. ഹയർ സെക്കന്ററി തലത്തിൽ ഗ്രാന്റുകൾ ഒന്നും തന്നെ അലോട്ട് ചെയ്യുന്നില്ല. സ്കോളർഷിപ്പുകളാണ് കുട്ടികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്നത്.** |
| (ബി) | ഡി.ഡി., ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകളിൽ വിജിലൻസ് പരിശോധന നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പരിശോധന നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | ഡി.ഡി., ഡി.ഇ.ഒ., എ.ഇ.ഒ., ഓഫീസുകളിൽ വിജിലൻസ് പരിശോധന നടന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പരിശോധന റിപ്പോർട്ട് ലഭ്യമാവാ ത്തതിനാൽ ഇപ്രകാരം പരിശോധന നടത്തു വാനുണ്ടായ സാഹചര്യം **വ്യക്തമല്ല.** |
| (സി) | പ്രസ്തുത പരിശോധനകളിലൂടെ ആശാസ്യമല്ലാത്ത കാര്യങ്ങൾ വകുപ്പിൽ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. |
| (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒരേ ഓഫീസിൽ ഒരേ സീറ്റിൽ നാലോ അതിലധികമോ വർഷമായി ജോലി ചെയ്യുന്നവർ ഉണ്ടോ; ഇത് സംബന്ധിച്ച പരിശോധന വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | 2020 വർഷം മുതൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗംജീവനക്കാരുടെ സ്ഥലംമാറ്റം 25.02.2017-ലെ സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ. നമ്പർഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ഓൺലൈൻ സംവിധാനത്തിൽനടത്തുന്നതിനാൽ |

| | | | |
|---|---|---|---|
| | | | വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലെയും, സ്കൂളുകളിലെയും 5 വർഷം പൂർത്തീകരിച്ച ജീവനക്കാർ സ്ഥലം മാറ്റപ്പെടുന്നുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ പ്രത്യേക പരിഗണന നൽകിയ ജീവനക്കാരെ മാത്രം നിലവിലുള്ള സ്കൂൾ/ ഓഫീസുകളിൽ തുടരാൻ അനുവദിക്കാറുണ്ട്.കൂടാതെ ചില പ്രത്യേക പ്രോജക്ടുകൾ/ ജോലികൾ ആരംഭിച്ച സെക്ഷനുകളിൽ അവ കൈകാര്യം ചെയ്യുന്ന ചില ജീവനക്കാരെ നിലനിർത്തിയിട്ടുണ്ട്. |
| (ഇ) | ഇപ്രകാരം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ തുടരാൻ അനുവദിക്കുന്നത് കൂടുതൽ അഴിമതിക്കുള്ള സാഹചര്യം സൃഷ്ടിക്കും എന്നതിനാൽ അടിയന്തരമായി തിരുത്തൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഇ) | പ്രത്യേക പരിഗണനയുള്ള ജീവനക്കാരെ സ്ഥലംമാറ്റുന്ന വിഷയം 25.02.2017- ലെസ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധി ക്കുന്നതാണ്. കൂടാതെ ചില പ്രത്യേക പ്രോജക്ടുകൾ/ജോലികൾ ആരംഭിച്ച സെക്ഷനുകളിൽ അവ കൈകാര്യം ചെയ്യുന്ന ചില ജീവനക്കാർക്ക് ടി പ്രോജക്ട്/ജോലികൾ അവസാനിക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റം/ സെക്ഷൻ മാറ്റം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ